കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

2011 ഫെബ്രുവരി 8, ചൊവ്വ

നിയമസഭ 2011 ഫെബ്രുവരി മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

1 ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാമൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ 31

ബി.പി.എൽ. ലിസ്റ്റ്

1(*31)ശ്രീ. പി. കെ. അബ്ദുറബ്ബ്:
ശ്രീ. സി. ടി. അഹമ്മദ് അലി:
ശ്രീ. എം. ഉമ്മർ:
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിപിഎൽ. ലിസ്റ്റ് തയ്യാറാക്കുവാൻ സ്വീകരിച്ച മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ;

(ബി) കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ ഗൈഡ്‌ലൈൻ എന്തെങ്കിലും നൽകിയിരുന്നോ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം നൽകാമോ;

(സി) ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യമെന്ന് വ്യക്തമാക്കുമോ;

(ഡി) ഒന്നിലേറെ സർവ്വേകൾ ആവശ്യമാക്കിത്തീർത്ത സാഹചര്യം വിശദമാക്കുമോ; നിലവിലെ ലിസ്റ്റിൽനിന്നും എത്ര ശതമാനം വർദ്ധനയാണ് പുതിയ ലിസ്റ്റ് പ്രകാരം വന്നിട്ടുള്ളത്;

(ഇ) ഇപ്പോൾ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള ലിസ്റ്റ് കുറ്റമറ്റതാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ അതിനാധാരമായ കാര്യങ്ങൾ വിശദമാക്കുമോ;

(എഫ്) ഈ ലിസ്റ്റിന്മേൽ ഉണ്ടായേക്കാവുന്ന പരാതികൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ?

2/774/2020

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, (എ) ദരിദ്ര വിഭാഗങ്ങളായി പരിഗണിക്കാൻ അർഹതയില്ലാത്ത അനുബന്ധം I-ൽ സൂചിപ്പിച്ചിരിക്കുന്ന കുടുംബങ്ങളെ ഒഴിവാക്കിയശേഷം ദാരിദ്ര്യരേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി. ഈ പട്ടികയിൽനിന്നും അനുബന്ധം II-ൽ സൂചിപ്പിച്ചിരിക്കുന്ന കുടുംബത്തിന്റെ ശേഷിക്കുറവിനെ ആധാരമാക്കിയുള്ള ഒമ്പത് സൂചകങ്ങൾക്ക് ലഭിക്കുന്ന മാർക്കിന്റെയും ഉടമസ്ഥാവകാശങ്ങളെ ആധാരമാക്കിയുള്ള ആറ് സൂചകങ്ങൾക്ക് ലഭിക്കുന്ന മാർക്കിന്റേയും അടിസ്ഥാനത്തിൽ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുക എന്നതായിരുന്നു മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. നഗരപ്രദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും ദരിദ്ര കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ അനുബന്ധം IV ആയി ചേർത്തിരിക്കുന്നു*.

(ബി) നൽകിയിരുന്നു. 2002-ൽ ഗ്രാമപ്രദേശങ്ങളിൽ ദാരിദ്ര്യ രേഖാ സെൻസസ്സ് നടത്തുന്നത് സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ചിരുന്നു. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസ്സസിലൂടെ കണ്ടെത്തേണ്ട പാവപ്പെട്ട കുടുംബങ്ങളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിരുന്നു. ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം ഈ സംഖ്യയിൽ കൂടാൻ പാടില്ലെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരുന്നു. കേരളത്തിൽ ഇത് 10.25 ലക്ഷം കുടുംബങ്ങളായി പരിമിതപ്പെടുത്തണമെന്നായിരുന്നു. ഈ കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങളും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇത് അനുബന്ധം III ആയി ചേർത്തിരിക്കുന്നു*.

(സി) സർവ്വേ നടത്തിയിരുന്നു. ഇപ്പോൾ പ്രസിദ്ധീകരിച്ച ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനായി 2009-ൽ സർവ്വേ നടത്തിയിരുന്നു. എന്നാൽ അതിനുമുൻപ് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം 2003-ൽ ഒരു സർവ്വേ ഗ്രാമപ്രദേശങ്ങളിൽ നടത്തിയിരുന്നു.

(ഡി) 2002-ൽ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2003 ഏപ്രിൽ-ജൂൺ മാസങ്ങളിൽ സംസ്ഥാനത്ത് ദാരിദ്ര്യരേഖാ സെൻസ്സസ് നടത്തിയിരുന്നു. അന്തിമ ബി.പി.എൽ. ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ പാടില്ലെന്ന് ബഹു. സുപ്രീം കോടതി ഉത്തരവായിരുന്നു. ഇതേത്തുടർന്ന് തുടർ നടപടികൾ സ്വീകരിച്ചിരുന്നില്ല. 2005-ൽ ബഹു. സുപ്രീം കോടതിയുടെ തടസ്സം നീങ്ങിയിരുന്നെങ്കിലും തുടർനടപടികൾ ഒന്നും സ്വീകരിച്ചിരുന്നില്ല. ഈ ലിസ്റ്റിനെ സംബന്ധിച്ചും നിരവധി പരാതികൾ ഉയർന്നിരുന്നു. 2007-ലാണ് വിട്ടുപോയ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിനായി ദാരിദ്ര്യരേഖാ സെൻസ്സസിലൂടെ രേഖപ്പെടുത്തിയ വിവരങ്ങൾ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ സാധുതാ പരിശോധനയ്ക്ക് വിധേയമാക്കിയത്. കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ 2009 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ കരട് ദാരിദ്ര്യരേഖാ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അർഹരായവർ വിട്ടു പോയിട്ടുണ്ടെങ്കിൽ ഉൾപ്പെടുത്തുന്നതിന് അവസരം നൽകുകയും ചെയ്തു. പക്ഷേ നിർഭാഗ്യവശാൽ പഞ്ചായത്തുകൾ തയ്യാറാക്കിയ പട്ടികയിലെ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം വളരെ ഉയർന്നതായിരുന്നു. ഈ ലിസ്റ്റ് അംഗീകരിക്കാൻ പറ്റാത്ത സാഹചര്യത്തിലാണ് 2009-ൽ വീണ്ടും സർവ്വേ നടത്തേണ്ടി വന്നത്. 1998-ൽ നടന്ന സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഗ്രാമപ്രദേശങ്ങളിലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത് 35.56 ശതമാനം കുടുംബങ്ങളാണ്. ഇപ്പോൾ പ്രസിദ്ധീകരിച്ച ഗ്രാമപ്രദേശങ്ങളിലെ ലിസ്റ്റിൽ 43.38 ശതമാനം കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. പുതിയ സർവ്വേ ലിസ്റ്റിൽ കഴിഞ്ഞ സർവ്വേ ലിസ്റ്റിനേക്കാൾ 6.82 ശതമാനം കുടുംബങ്ങൾ കൂടുതലായി ഉൾപ്പെട്ടിട്ടുണ്ട്.

(ഇ) കുറ്റമറ്റ രീതിയിൽ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. സർവ്വേ നടത്തുന്നതിന് ചിട്ടയായ പരിശീലനം നൽകിയിരുന്നു. സർവ്വേ നടത്തി ശേഖരിച്ച വിവരങ്ങൾ കംപ്യൂട്ടറൈസ് ചെയ്ത് അതിൽനിന്നാണ് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അനർഹരെ പൂർണ്ണമായി ഒഴിവാക്കിയും അർഹരായവരെ പൂർണ്ണമായും ഉൾക്കൊള്ളിച്ചുകൊണ്ടും ലിസ്റ്റ് തയ്യാറാക്കാനാണ് നടപടി കൈക്കൊണ്ടത്.

(എഫ്) ആക്ഷേപങ്ങളും പരാതികളും പരിശോധിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ദരിദ്ര കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബം പിന്നീടുള്ള പരിശോധനയിൽ അനർഹനാണെന്ന് പരാതി ലഭിക്കുകയാണെങ്കിൽ അത്തരം കുടുംബങ്ങളെ കാരണം രേഖപ്പെടുത്തി ഒഴിവാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളേയും/നഗരസഭകളേയും അധികാരപ്പെടുത്തി ഉത്തരവായിട്ടുണ്ട്. അർഹതയുള്ളവർ ഉൾപ്പെട്ടിട്ടില്ലെന്ന പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷണം നടത്തി അവരെക്കൂടി ഉൾപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. എം. ഉമ്മർ: സർ, ബി.പി.എൽ. കുടുംബങ്ങളുടെ സർവ്വേ രണ്ടു മൂന്ന് തവണ നടത്തി. അവസാനം അദ്ധ്യാപകരെ ഉപയോഗപ്പെടുത്തി ഇറക്കിയ ലിസ്റ്റിൽ 15 ലക്ഷം കുടുംബങ്ങളുടെ വർദ്ധനവാണ് പുതിയതായി വന്നിട്ടുള്ളത്. ഇതിൽ തന്നെ കോട്ടയം ജില്ലയിൽ 26.62 ശതമാനം കുടുംബങ്ങളുടെ വർദ്ധനവും ഇടുക്കി ജില്ലയിൽ 41.88 ശതമാനം കുടുംബങ്ങളുടെ വർദ്ധനവും ഉണ്ട്. അതേസമയം കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ 2.68, 2.69 ശതമാനം വർദ്ധനവാണ് വന്നിട്ടുള്ളത്. ജില്ലകളിലെ ബി.പി.എൽ. ലിസ്റ്റിലെ വർദ്ധനവിന്റെ കാര്യത്തിൽ വലിയ വ്യത്യാസമുണ്ട്. ഇങ്ങനെ ശതമാനത്തിൽ വ്യത്യാസം വരാനുണ്ടായ സാഹചര്യം എന്താണെന്നുള്ളത് അങ്ങ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ഇതിന് മുൻപ് പരിശോധിച്ചിട്ടുള്ള ലിസ്റ്റിൽ ഏറ്റവും കൂടുതൽ ബി.പി.എൽ. അംഗങ്ങൾ വന്നിട്ടുള്ളത് ഇടുക്കി ജില്ലയിലാണ്. കഴിഞ്ഞ തവണത്തെ ലിസ്റ്റിൽ ഏറ്റവും കുറവായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതായത് 13 ശതമാനം. ഇപ്പോൾ വന്നിട്ടുള്ളത് ഏകദേശം 55 ശതമാനമാണ്. കഴിഞ്ഞ ലിസ്റ്റിൽ അപാകത കണ്ടതിനെത്തുടർന്നാണ് അദ്ധ്യാപകരെ നിശ്ചയിച്ച് സമഗ്രമായ ഒരു സെൻസസ്സ് നടത്തണമെന്ന് തീരുമാനിച്ചത്. അതിന്റെ യടിസ്ഥാനത്തിലാണ് ഇപ്പോൾ വ്യത്യാസം വന്നിട്ടുള്ളതും. അതിൽ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിട്ടുള്ളതുപോലെ വേറെ വല്ല തകരാറുമുണ്ടോ എന്നുള്ളത് പരിശോധിക്കാനും അർഹരായവരെ വിട്ടു പോയിട്ടുണ്ടെങ്കിൽ ഉൾപ്പെടുത്താനും അനർഹരെ ഒഴിവാക്കാനുമുള്ള വ്യവസ്ഥ വച്ചാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. എം. ഉമ്മർ: സർ, കേന്ദ്ര ഗവൺമെന്റ് ബി.പി.എൽ. ലിസ്റ്റിൽ 10.25 ലക്ഷം കുടുംബങ്ങളെ പരിമിതപ്പെടുത്തി ലിസ്റ്റ് കൊടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാണ് അങ്ങിവിടെ മറുപടിയിൽ പറഞ്ഞത്. എന്നാൽ ഇപ്പോഴത്തെ ലിസ്റ്റ് പ്രകാരം 42,43,000 കുടുംബങ്ങളുണ്ട്. ഈ ലിസ്റ്റ് സെൻട്രൽ ഗവൺമെന്റിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണോ; ഈ 42,43,000 കുടുംബങ്ങളും പുതിയ മാനദണ്ഡങ്ങളിൽ ഉൾപ്പെടുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, കേന്ദ്ര ഗവൺമെന്റ് കണക്കാക്കിയിട്ടുള്ള പത്തുലക്ഷത്തിൽപരം വരുന്ന കുടുംബങ്ങൾക്ക് മാത്രമേ അവർ ആനുകൂല്യം തരികയുള്ളൂ. ബാക്കി വരുന്ന ആളുകൾക്ക് ഈ ആനുകൂല്യം നൽകാൻ കഴിയും.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, ബി.പി.എൽ. കുടുംബങ്ങൾ 10.25 ലക്ഷം എന്നുള്ളത് ഇപ്പോൾ 43.38 ലക്ഷത്തിൽ എത്തി നിൽക്കുകയാണ്. ബി.പി.എൽ. ലിസ്റ്റുണ്ടാക്കുന്നത് 2003-ൽ ആരംഭിച്ച പ്രക്രിയയാണ്. സുപ്രീം കോടതി ഇടപെട്ടതുകൊണ്ട് മൂന്നുനാല് വർഷം പാഴായി പോയി. അത് വീണ്ടും തുടങ്ങി. 2008-ൽ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അതുകഴിഞ്ഞ് കുടുംബശ്രീ, അയൽകൂട്ടങ്ങൾ ഇവ എല്ലാം പരിശോധിച്ചു. 2009-ൽ ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. അപ്പോഴും അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്നും അർഹരായവർ ഉൾപ്പെട്ടിട്ടില്ല എന്നുമുള്ള പരാതി കിട്ടി. അതനുസരിച്ച് ജില്ലാ കളക്ടറോടും പഞ്ചായത്തുകളോടും നഗരസഭകളോടുമൊക്കെ അന്വേഷിക്കാൻ പറഞ്ഞു. ഇനി അവർ അന്വേഷിച്ചു കഴിഞ്ഞിട്ട് പുതിയ ഒരു ലിസ്റ്റ് കൂടി വരണം. ഓരോ പ്രാവശ്യവും സർവ്വേ നടക്കുമ്പോൾ ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം കൂടിക്കൂടി വരികയാണ്. 10.25 ലക്ഷം കുടുംബങ്ങൾക്ക് മാത്രമേ കേന്ദ്ര ഗവൺമെന്റ് ആനുകൂല്യം തരികയുള്ളൂ എന്ന് പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഈ ലിസ്റ്റ് ഉണ്ടാക്കിയതെങ്കിൽ അതിൽനിന്നും ബാക്കി വരുന്ന ആളുകൾക്ക് സംസ്ഥാന തലത്തിൽ ആനുകൂല്യം കൊടുക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ഞാൻ ഇവിടെ ഉത്തരത്തിൽ പറഞ്ഞു, കേന്ദ്ര ഗവൺമെന്റ് കേരളത്തിൽ ബി.പി.എൽ. ലിസ്റ്റ് നിശ്ചയിച്ചിട്ടുള്ളത് 10.25 ശതമാനമാണ്. അതിൽ കൂടാൻ പാടില്ലെന്ന് അവർ കർശന നിർദ്ദേശം തന്നിരിക്കുകയാണ്. നമ്മൾ ഇവിടെ സർവ്വേ നടത്തി ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

ദരിദ്ര വിഭാഗത്തെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തി. കേന്ദ്രത്തിന്റെ മാനദണ്ഡമനുസരിച്ച് രണ്ട് മുണ്ടുള്ളവൻ ബി.പി.എൽ. അല്ല, മൂന്നു നേരം ഭക്ഷണം കഴിക്കുന്നുണ്ടെങ്കിൽ ബി.പി.എൽ. അല്ല എന്നാണ്. കേരളത്തിന്റെ സാഹചര്യത്തിൽ ഇത് ഒരിക്കലും പ്രായോഗികമല്ല. സാമ്പത്തികമായി വിഷമതകൾ അനുഭവിക്കുന്ന സാധാരണ ജനങ്ങളേയും പാവപ്പെട്ടവരേയും പരമാവധി ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞങ്ങളുടെ രണ്ടാമത്തെ പരിശോധന. അതിന്റെ അടിസ്ഥാനത്തിലാണ് 32 ലക്ഷം പേർ വന്നിട്ടുള്ളത്. അവർക്ക് കേന്ദ്ര ഗവൺമെന്റ് കണക്കാക്കിയിട്ടുള്ള സംഖ്യയ്ക്കുള്ള ആനുകൂല്യം തരും. മറ്റുള്ളവർക്ക് ഇതേ ആനുകൂല്യം സംസ്ഥാന ഗവൺമെന്റ് കൊടുക്കുമെന്നുള്ളതാണ് തീരുമാനം.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്ത് പല ഘട്ടങ്ങളിലായി ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കിയെങ്കിലും നിരവധി ആളുകൾ ഈ ലിസ്റ്റിൽ ഉൾപ്പെടാതെ കിടക്കുകയാണ്. അതേസമയത്തിൽ പതിനഞ്ചു ലക്ഷത്തോളം കുടുംബങ്ങൾ ഇപ്പോൾ ബി.പി.എൽ. ലിസ്റ്റിൽ അധികമായി കടന്നുകൂടിയിട്ടുണ്ട്. ഇങ്ങനെയുള്ള സാഹചര്യത്തിൽ എന്നത്തേക്ക് ബി.പി.എൽ. ലിസ്റ്റിന് അന്തിമ രൂപം നൽകി യഥാർത്ഥത്തിൽ അർഹരായ മുഴുവൻ ബി.പി.എൽ. ആളുകളേയും ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റ് പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അപാകതയെന്നു പറഞ്ഞാൽ ഏതെങ്കിലും ഒരാൾ പെട്ടെന്ന് ദരിദ്രനായാൽ ഈ പട്ടികയിൽനിന്ന് പുറത്തുപോകുമല്ലോ. അപ്പോൾ അത്തരം സാഹചര്യം വന്നിട്ടുണ്ടെങ്കിൽ തീർച്ചയായും അവർക്ക് പരാതി കൊടുക്കാനും ഉൾപ്പെടുത്താനുമുള്ള വ്യവസ്ഥ വച്ചിട്ടുണ്ട്. അതു പോലെ ആരെങ്കിലും പെട്ടെന്ന് ധനികരായി മാറിയിട്ടുണ്ടെങ്കിൽ അവരെ ഒഴിവാക്കാനും കഴിയും. അപാകതയുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ അത് തിരുത്താനുള്ള സംവിധാനം അവർക്ക് കൊടുത്തിട്ടുണ്ട്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, നിലവിലുള്ള ബി.പി.എൽ. തെരഞ്ഞെടുപ്പു രീതി കേന്ദ്രസർക്കാർ ആവിഷ്കരിച്ചതിന്റെ ഭാഗമാണ് എന്ന് അങ്ങ് പറഞ്ഞു. സംസ്ഥാന സർക്കാർ നടത്തുന്ന സർവ്വേയ്ക്ക് അനുസരണമായി ഇനി ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കണമെന്നുള്ള ആവശ്യം ഇൻഡ്യയിലെ ഇതുസംബന്ധമായ മന്ത്രിമാരുടെ സമ്മേളനത്തിൽവച്ച് സർക്കാരിന് സമർപ്പിച്ചിരുന്നതായി അറിയാൻ കഴിഞ്ഞു. പക്ഷെ അതിനുശേഷവും ഇത് അനന്തമായി നീണ്ടുപോകുന്നതു കാരണം ഒട്ടേറെ പദ്ധതികൾ അവതാളത്തിലാകുകയാണ്. ഇ. എം. എസ്. ഭവനനിർമ്മാണ പദ്ധതിമുതൽ നമ്മുടെ കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതും, ഏറ്റവും ഒടുവിൽ കാൽ ലക്ഷത്തോളം കുടുംബങ്ങൾക്ക് അന്ത്യോദയ, അന്നപൂർണ്ണ ഇനത്തിൽ സൗജന്യമായും അതുപോലെ രണ്ടു രൂപയ്ക്ക് അരി നൽകുന്നത് വരെ തടസ്സപ്പെട്ടു കിടക്കുന്നു എന്നാണ് ചില പത്രങ്ങളിൽ വാർത്ത കണ്ടത്. ഈ കാര്യത്തെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

2009-ൽ മന്ത്രിമാരുടെ സമ്മേളനം ചേർന്നശേഷം സംസ്ഥാന സർക്കാരിന്റെതായ ഏറ്റവും ശക്തമായ ഇടപെടൽ വല്ലതും കേന്ദ്രത്തിലുണ്ടായിട്ടുണ്ടോ; എന്തു മറുപടിയാണ് ലഭ്യമായിട്ടുള്ളത്?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച മാനദണ്ഡപ്രകാരം അവർ കണക്കാക്കിയിട്ടുള്ള ലിസ്റ്റ് കേരളത്തിന് വളരെയധികം വിഷമമുണ്ടാക്കുമെന്നുള്ളത് പല തവണ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആ മാനദണ്ഡത്തിൽ മാറ്റം വരണം. കേരളത്തിൽ യഥാർത്ഥത്തിൽ ബി.പി.എൽ. വിഭാഗത്തിൽ പെടേണ്ടുന്ന ധാരാളം ആളുകൾ വിട്ടുപോകുന്നുണ്ട് എന്നുള്ളത് ചൂണ്ടിക്കാണിച്ചപ്പോൾ യാതൊരു കാരണവശാലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല എന്നുള്ള നിലപാടിലാണ്. വീണ്ടും തർക്കിച്ചപ്പോൾ ഈ പത്തു ലക്ഷത്തിൽപരം വരുന്ന ആളുകൾക്കുള്ള ആനുകൂല്യം തന്നെ നഷ്ടപ്പെടുമെന്നുള്ള സൂചന വന്നപ്പോഴാണ് ഈ നിലപാട് സ്വീകരിച്ചത്.

ശ്രീ. ബാബു പോൾ: സർ, കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡങ്ങളെ മറികടന്ന് തനതായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് അർഹതപ്പെട്ടവരെ ഉൾപ്പെടുത്തി, ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിന് മുൻകൈയെടുത്ത ഈ ഗവൺമെന്റ് അഭിമാനകരമായ നേട്ടമാണ് കൈവരിച്ചിട്ടുള്ളത്. ഇവിടെ ലിസ്റ്റ് ഉണ്ടായതുകൊണ്ട് മാത്രമായില്ല. ഈ ലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെ റേഷൻ കാർഡുകളിൽ അവർ ബി.പി.എൽ. ആണ് എന്ന് രേഖപ്പെടുത്തുന്ന നടപടിക്രമങ്ങൾ കൂടി പൂർത്തീകരിക്കാൻ കഴിഞ്ഞാലേ അവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയൂ. ഈ നടപടി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചിട്ടുള്ളത് ശരിയാണ്. ഇത്തരത്തിലുള്ള പരാതികൾ ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുകയാണ്. ഇതിൽ നമ്മൾ നിർണ്ണയിച്ച് കണക്കാക്കിയിട്ടുള്ള വിഭാഗത്തിനു മുഴുവൻ ഈ ആനുകൂല്യം കിട്ടുന്നതിന് റേഷൻകാർഡ്, അതുപോലുള്ള പല കാര്യങ്ങളും തടസ്സമായി നിൽക്കുന്നുണ്ട്. അത് വളരെ വേഗത്തിൽ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. അച്ചുതൻ: സർ, രണ്ടു ദിവസം മുമ്പ് റേഷൻ കാർഡിൽ 85 വയസ്സ് കാണിച്ച ഒരു സ്ത്രീ, അതിൽ തൊഴിൽ കൂലി എന്നും വരുമാനം 100 ഉറുപ്പികയെന്നും എഴുതിയിട്ടുണ്ട്. എ.പി.എൽ. കാർഡാണ്. ഒരാളേയുള്ളൂ. അത് പ്രശ്നമല്ല. തെറ്റ് പറ്റിയിട്ടുണ്ടാകും. അതേസമയം, രണ്ടു സർക്കാർ ജീവനക്കാരുള്ള ഒരു കുടുംബത്തിന് ബി.പി.എൽ. കാർഡാണ്. അവർ 17 കൊല്ലമായി സർക്കാർ ജോലി ചെയ്യുന്നവരാണ്. സർക്കാർ ജീവനക്കാർ, സ്വന്തമായി വരുമാനമുള്ള ആളുകൾ, അവരെല്ലാം ബി.പി.എൽ. കാർഡിൽ വന്നിരിക്കുകയാണ്. അങ്ങനെയുള്ള ആളുകൾക്ക് സ്വയം അതിൽനിന്ന് ഒഴിഞ്ഞുപോകാനുള്ള അവസരം കൊടുക്കാനും ഒഴിയാത്തവർക്കെതിരെ കർശന നടപടിയെടുക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ഒരു കാരണവശാലും ലിസ്റ്റിൽ വരാൻ പാടില്ലാത്തെന്ന് നിഷ്കർഷിക്കുന്ന പത്തു പതിനൊന്ന് വിഭാഗങ്ങളുണ്ട്. സർക്കാർ ജീവനക്കാരുള്ള കുടുംബം, സ്വകാര്യ-അർദ്ധസർക്കാർ- എയിഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുടുംബം, സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുടുംബം- ഇത്തരം വിഭാഗങ്ങളിൽപ്പെടുന്ന ആരും തന്നെ ഇതിൽ ഉൾപ്പെടാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ട്. അങ്ങനെ വല്ലവരെയും ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ പരാതി കിട്ടിയാൽ പരിശോധിച്ച് ഒഴിവാക്കാനും അർഹതപ്പെട്ടവരെ വിട്ടുപോയിട്ടുണ്ടെങ്കിൽ ഉൾപ്പെടുത്താനുമുള്ള വ്യവസ്ഥയുണ്ട്. അനർഹരായവർ പെട്ടുപോയിട്ടുണ്ടെങ്കിൽ തീർച്ചയായും അവർ അത് ചൂണ്ടിക്കാണിക്കില്ല. നേരെമറിച്ച് മറ്റുള്ളവർക്ക് ചൂണ്ടിക്കാണിക്കാനും അതിന്റെ അടിസ്ഥാനത്തിൽ അവരെ ഒഴിവാക്കാനുമുള്ള വ്യവസ്ഥയുണ്ട്.

ശ്രീ. എ. എം. യൂസഫ്: സർ, ഈ ബി.പി.എൽ. ലിസ്റ്റിന്റെ മാനദണ്ഡങ്ങളെല്ലാം നിലനില്ക്കുമ്പോൾത്തന്നെ അർഹരായവരെ വീണ്ടും ഉൾപ്പെടുത്താൻ ഗവൺമെന്റും അങ്ങും സ്വീകരിച്ച നടപടിയെ അഭിനന്ദിക്കുന്നു. സാരിയുടുക്കുന്നവർ, ഒറ്റ കക്കൂസ് ഉള്ളവർ, രണ്ടാടുള്ളവർ, ചെരുപ്പിടുന്നവർ, ഓടിട്ട വീടുള്ളവർ എന്ന മാനദണ്ഡമാണ് ബിപിഎൽ. ലിസ്റ്റ് തയ്യാറാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നമ്മുടെ മുമ്പിൽ വച്ചിട്ടുള്ളത്. ആ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ കേരളത്തിലെ എത്രപേർക്ക് ഈ ആനുകൂല്യം കൊടുക്കാൻ കഴിയും. അതുകൊണ്ട് ആ മാനദണ്ഡം ഒഴിവാക്കുന്നതിനുവേണ്ടി കേന്ദ്രത്തിൽ ശിപാർശ ചെയ്യുകയും ബി.പി.എൽ. ലിസ്റ്റിൽ നേരത്തെ ഉൾപ്പെടുത്തിയിട്ടുള്ളവർക്ക് പിന്നീട് വരുമാനം കൂടുകയോ, ജോലി കിട്ടുകയോ ചെയ്യുന്നുണ്ടെങ്കിൽ അത്തരം ആളുകളെ ഒഴിവാക്കാനും പറ്റുന്ന രീതിയിലുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച തരത്തിലുള്ള ആളുകളുടെ ലിസ്റ്റാണ് കേന്ദ്ര ഗവൺമെന്റ് കണക്കാക്കിയിട്ടുള്ളത്. അത് കഴിച്ച് ബാക്കിയുള്ളവർക്ക് ഈ ആനുകൂല്യം കൊടുക്കാനാണ് നമ്മൾ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അതിൽ അനർഹരുണ്ടെങ്കിൽ കണ്ടെത്തി ഒഴിവാക്കും.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഏറെ വിവാദങ്ങൾക്കും ചർച്ചകൾക്കും ശേഷമാണ് 43 ലക്ഷം പേരുടെ ലിസ്റ്റ് ഉണ്ടാക്കിയത്. Below poverty line-ന് പകരം above poverty line ആയി ചിന്തിച്ചതിന്റെ ഫലമായി ഒരുപാട് അനർഹർ കടന്നുകൂടിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നിങ്ങൾക്ക് വേണമെങ്കിൽ ആ അനർഹരെ ചൂണ്ടിക്കാണിക്കാമെന്നാണ്. അയൽപക്കത്തുള്ള ആരും അങ്ങനെയുള്ളവരുടെ പേര് ചൂണ്ടിക്കാണിക്കുകയില്ല. ഗവൺമെന്റ് തന്നെ ഈ ലിസ്റ്റിലുള്ള അപാകതകൾ പരിഹരിക്കാൻ ശ്രദ്ധിക്കുമോ? ശ്രീ. ബാബു പോൾ ചൂണ്ടിക്കാണിച്ചതുപോലെ റേഷൻ കാർഡിലെ 43 ലക്ഷത്തിലെ പത്തു ലക്ഷം പേരുപോലും ബിപിഎൽ. ലിസ്റ്റിൽ മാർക്ക് ചെയ്തിട്ടില്ല. അതുണ്ടാക്കുന്നതിനും പുതുതായി അർഹരെ ഉൾപ്പെടുത്തുന്നതിനും കളക്ടർക്ക് പരാതി കൊടുക്കണമെന്നു പറയുന്നു. അങ്ങനെ പരാതി കൊടുത്തുകഴിഞ്ഞാൽ കളക്ടർ എത്ര ദിവസത്തിനുള്ളിൽ അത് പരിഹരിക്കുമെന്നുള്ളതിന് നിർദ്ദേശം നൽകാൻ തയ്യാറാകുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, നല്ല രീതിയിലുള്ള പരിശോധന നടത്തിയിട്ടുണ്ട്, അദ്ധ്യാപകർക്ക് പരിശീലനം കൊടുത്ത് എല്ലാ വീടുകളും കയറി അവിടത്തെ സ്ഥിതിഗതികൾ മനസ്സിലാക്കി തയ്യാറാക്കിയിട്ടുള്ള ലിസ്റ്റാണ്. എന്നാലും ചില അപാകതകൾ സംഭവിച്ചേക്കാം. അങ്ങനെ സംഭവിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ചാൽ അത് തിരുത്താമെന്നുള്ളതല്ലാതെ മറ്റൊന്നാണ് മാർഗ്ഗം. അതുകൊണ്ട് കണ്ടമാനം ആളുകളെ ചേർത്തു എന്നുള്ളതല്ല, നല്ല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ ആളുകളെ കണ്ടെത്തിയിട്ടുള്ളത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ബി.പി.എൽ. ലിസ്റ്റുമായി ബന്ധപ്പെട്ട് ഒട്ടേറെ ആക്ഷേപങ്ങൾ പല കോണുകളിൽനിന്നും വരുന്നുണ്ട്. അനർഹർ അതിനകത്ത് ഉൾപ്പെട്ടെന്നും അതുപോലെ പാവപ്പെട്ടവർ ഉൾപ്പെടാതെ പോയെന്നും, ഒക്കെ എതിക്കുറിയാവുന്ന കുറെ കേസുകളുണ്ട്. ഇത് വളരെ വേഗത്തിൽ പരിഹരിക്കാൻ സർക്കാർ ഒരുപാട് അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. പലതരത്തിലുള്ള പരാതികൾ വളരെ വേഗത്തിൽ പരിഹരിക്കുന്നുമുണ്ട് ഈ പ്രശ്നത്തിൽ നേരത്തെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ച പോലെയുള്ള വിഷയങ്ങൾ വേഗം പരിഹരിക്കാൻ പഞ്ചായത്ത് തലത്തിലോ ജില്ലാ തലത്തിലോ അദാലത്തുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, ഇവിടെ ഉന്നയിക്കപ്പെട്ട പരാതികൾ കഴിഞ്ഞ കാലത്ത് ഇറക്കിയിട്ടുള്ള ലിസ്റ്റിനെ സംബന്ധിച്ചാണ്. ഈ ലിസ്റ്റ് ഇന്നലയോ മിനിഞ്ഞാന്നോ പുറത്തിറക്കിയിട്ടുള്ളതല്ല. അത് പരിശോധിച്ചിട്ടുണ്ടെങ്കിൽ അത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉണ്ടാകേണ്ട കാര്യമില്ല. ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടെങ്കിൽ തിരുത്താം.

പ്രൊഫ. എൻ. ജയരാജ്: സർ, 32,29,823 ആളുകളെയാണ് ബി.പി.എൽ. പട്ടികയിൽ നിർദ്ദേശിച്ചിരിക്കുന്നത്. കേന്ദ്രം പറയുന്ന മാനദണ്ഡം 10.25 ലക്ഷമാണ്. എന്റെ ചോദ്യം കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡം അനുസരിച്ച് 10.25 ലക്ഷം ആളുകൾക്കുള്ള ആനുകൂല്യങ്ങൾക്കുവേണ്ടി 32 ലക്ഷത്തോളം പേരെ തെരഞ്ഞെടുക്കുവാൻ ഏത് മാനദണ്ഡമാണ് ഉപയോഗിക്കുന്നത്, അങ്ങനെയാണെങ്കിൽ സ്വാഭാവികമായി രണ്ട് ലിസ്റ്റ് ഉണ്ടാക്കേണ്ടി വരില്ലേ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, രണ്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡ പ്രകാരം ഒരു ലിസ്റ്റുണ്ട്. അതിനെക്കാൾ ഉയർന്ന തരത്തിലുള്ള, എന്നാൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന വിഭാഗത്തിന്റെ രണ്ടാമത്തെ ലിസ്റ്റ് ഉണ്ട്. അവയ്ക്ക് വ്യക്തമായ മാനദണ്ഡങ്ങളുമുണ്ട്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, നമ്മുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ട്. തെങ്ങിനും കവുങ്ങിനും ഒരേ തളയോ? അതുപോലെ സാമൂഹ്യ പുരോഗതിയിൽ വളരെ പിന്നോക്കം നിൽക്കുന്ന ഉത്തരേന്ത്യയിലെ ബി.പി.എൽ. കുടുംബങ്ങൾക്കുള്ള മാനദണ്ഡം സാമൂഹ്യ പുരോഗതിയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിന് ബാധകമാക്കുന്നത് ശരിയാണോ? അതുകൊണ്ട് ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താനാവശ്യമായ വല്ല നടപടികളും സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡ പ്രകാരമുള്ള ലിസ്റ്റ് കേരളത്തിന്റെ സാഹചര്യത്തിന് അനുയോജ്യമല്ല എന്നു ള്ളത് മനസ്സിലാക്കിക്കൊണ്ടാണ് കേന്ദ്രത്തോട് അതിൽ മാറ്റം വേണമെന്ന് ആവശ്യപ്പെട്ടത്. അവർ കൂട്ടാക്കാത്ത സാഹചര്യത്തിലാണ് ആ വിഭാഗത്തെ ഉൾപ്പെടുത്താനുള്ള പ്രത്യേക ലിസ്റ്റ് നമ്മൾ തയ്യാറാക്കിയത്.

ശ്രീ. പി. തിലോത്തമൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതു ഇവിടെ പ്രസിദ്ധീകരിച്ചിരിക്കുന്ന ബി.പി.എൽ. ലിസ്റ്റിൽ ആക്ഷേപങ്ങളുണ്ടെങ്കിൽ കളക്ടർമാർക്ക് പരാതി കൊടുത്ത് പരിഹരിക്കണമെന്നാണ് എന്നാൽ അത് പ്രായോഗികമല്ല. എല്ലാ ഗ്രാമപഞ്ചായത്തുകളിൽനിന്നും പരാതി ഉയരും അത് അവിടെ തന്നെ ചെയ്യുകയായിരിക്കും നല്ലത്. അത്തരത്തിലൊരു നടപടി സ്വീകരിക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ഇവിടെ ഉത്തരം പറയുന്ന ഘട്ടത്തിൽ പറഞ്ഞു, പഞ്ചായത്തുകളിലെ ഉൾപ്പെട്ടിട്ടില്ലാത്ത ആളുകൾക്ക് പരാതിയുമായി പഞ്ചായത്തുകളെ സമീപിക്കാവുന്നതാണ്. അത് പരിശോധിച്ച് അർഹരായവരെ ഉൾപ്പെടുത്താനുള്ള അധികാരം പഞ്ചായത്തുകൾക്കുണ്ട്. അനർഹരായിട്ടുള്ള ആളുകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് കേസ് വരുന്ന സമയത്താണ് കളക്ടർ പരിശോധിക്കുന്നത്.

ശ്രീ. എം. ചന്ദ്രൻ : സർ, ബി.പി.എൽ. ലിസ്റ്റ് അനുസരിച്ചാണ് ഇന്ന് സർക്കാർ തലത്തിലുള്ള എല്ലാ സഹായങ്ങളും കാർഡ് ഉടമകൾക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് 10.25 ലക്ഷം ബി.പി.എൽ. കുടുംബങ്ങളെ അംഗീകരിച്ചിട്ടുണ്ടെങ്കിൽ അവർക്ക് മാത്രമെ കേന്ദ്ര ഗവൺമെന്റിന്റെ സഹായം കിട്ടുകയുള്ളൂ. ഇതിപ്പോൾ അരിയുടെ പ്രശ്നം മാത്രമല്ല, ഇൻഷ്വറൻസ് പദ്ധതിയായാലും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായാലും വീടിന്റെ പദ്ധതി ആയാലും അങ്ങനെതന്നെ കേന്ദ്ര ഗവൺമെന്റ് കേരളത്തിന് കൊടുക്കുന്ന ആനുകൂല്യങ്ങൾ തന്നെ വെട്ടിക്കുറച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കേരളത്തിന് അർഹമായ ആനുകൂല്യം നിഷേധിക്കുന്ന ഈ മാനദണ്ഡങ്ങളെ മറികടക്കാൻ, സംസ്ഥാനത്തിന്റെ പുരോഗതിക്ക് അനുസരിച്ച് പുതിയ മാനദണ്ഡങ്ങളുണ്ടാക്കാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ അങ്ങ് മുൻകൈ എടുക്കുമോ?

ശ്രീ. പാലോളി മുഹമ്മദ് കുട്ടി: സർ, പലതവണ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവന്നതാണ്. അവർ മുൻ നിലപാടിൽനിന്ന് മാറിയിട്ടില്ല. എന്നാലും ഈ ന്യായമായിട്ടുള്ള ആവശ്യം വീണ്ടും കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിൽ കൊണ്ടുവരാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹിദ് : സർ, കേന്ദ്രാവിഷ്കൃത പദ്ധതികൾ പലതും ഇങ്ങനെയാണ്. തൊഴിലുറപ്പ് പദ്ധതിയിൽ വേതനം സംബന്ധിച്ച് രണ്ട് മാനദണ്ഡങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. ഒരു സ്റ്റേറ്റിനെ ഒരു യൂണിറ്റാക്കി കണ്ടുകൊണ്ടാണ് തൊഴിലുറപ്പ് പദ്ധതിയിൽ വേതനം തീരുമാനിച്ചിട്ടുള്ളത്. അതുപോലെ ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുമ്പോൾ മാനദണ്ഡങ്ങൾ വയ്ക്കുന്നതിൽ ഓരോ സ്റ്റേറ്റിനെയും ഓരോ യൂണിറ്റാക്കി കണക്കാക്കിക്കൊണ്ട് മാനദണ്ഡങ്ങൾ തീരുമാനിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുവാൻ ഈ സർക്കാരിന് കഴിയുമ്മോ? കാരണം ഇനി കുറച്ചുസമയമേ ഈ സർക്കാരിനുള്ള എന്നുള്ളതുകൊണ്ടാണ്.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ഈ പറയുന്ന ന്യായമായിട്ടുള്ള മാനദണ്ഡങ്ങൾ മുഴുവൻ കേന്ദ്ര ഗവൺമെന്റിന് മുമ്പാകെ സംസ്ഥാന ഗവൺമെന്റ് കൊണ്ടുപോയതാണ്. പക്ഷേ അവർ കൂട്ടാക്കുന്നില്ല. ഇതാണ് സ്ഥിതി.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ബി.പി.എൽ. കാർഡ് അനുസരിച്ച് കിലോയ്ക്ക് രണ്ട് രൂപ വച്ച് മാസത്തിൽ 35 കിലോ അരികൊടുക്കാനുള്ള സംഖ്യ രണ്ട് ലക്ഷം കോടിരൂപയിൽ താഴെയാണ് വേണ്ടത്. ഇവിടെ ഒന്നേമുക്കാൽ ലക്ഷം കോടി രൂപ വേറെ തരത്തിൽ കുംഭകോണം നടത്തി സ്പെക്ട്രം.... ഇപ്പോൾ രണ്ട് ലക്ഷം കോടി രൂപ വന്നു. അതനുസരിച്ച് ഇന്ത്യയിലെ മുഴുവൻ ആളുകൾക്കും' ബി. പി.എൽ. കാർഡ് മാറ്റി എ.പി.എൽ. കാർഡ് കൊണ്ടുവന്നു. യു.പി.എ. ഗവൺമെന്റിന്റെ കാലാവധിയിൽ മുഴുവൻ കൊടുക്കാനുള്ള പൈസയുണ്ട്. ഇതിൽ നിന്ന് എടുത്ത് കൊടുക്കാനുള്ള ഒരു സംവിധാനം ഗവൺമെന്റ് ശിപാർശ ചെയ്യുമോ?

മി. സ്പീക്കർ : സംസ്ഥാന ഗവൺമെന്റിന് പറ്റില്ല.

ശ്രീ. പാലോളി മുഹമ്മദ് കുട്ടി : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് നമ്മുടെ രാജ്യത്തിന്റെ സമ്പത്ത് പലവഴിക്കും ചോർന്നു പോകുന്നുണ്ട് അത് ന്യായമായിട്ടുള്ള രീതിയിൽ ചെലവഴിക്കണമെന്നാണ്. അത് നല്ല നിർദ്ദേശമാണ്.

മി. സ്പീക്കർ : ചോദ്യം നമ്പർ - 32

മദ്രസാ അദ്ധ്യാപകക്ഷേമനിധി

2(*32) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസാ അദ്ധ്യാപകക്ഷേമനിധിയെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;